# കേരള നിയമസഭ
# 22.03.2013–ലെ മറുപടിക്ക്

പതിമൂന്നാം കേരള നിയമസഭ
എട്ടാം സമ്മേളനം
2013 മാർച്ച് 22, വെള്ളി
നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങൾ
(ആകെ ചോദ്യങ്ങൾ– 30)

| മറുപടി നൽകുന്ന മന്ത്രിമാർ |
|---|
| ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി |
| നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി |
| കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി |
| പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി |

## കോർപ്പറേഷനുകളിലെ മാലിന്യ സംസ്കരണ സംവിധാനങ്ങൾ

*121 ശ്രീ. സി.കെ. സദാശിവൻ
,, വി. ശിവൻകുട്ടി
,, കെ. ദാസൻ
,, കെ.കെ. നാരായണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മുനിസിപ്പൽ കോർപ്പറേഷനുകളിൽ സർക്കാർ സഹായത്തോടെ പുതുതായി മാലിന്യ സംസ്കരണ പ്ലാന്റുകൾ സ്ഥാപിച്ചിട്ടുണ്ടോ; എങ്കിൽ എവിടെയെല്ലാം എന്നറിയിക്കുമോ;

(ബി) കോർപ്പറേഷനുകൾക്ക് മാലിന്യ സംസ്കരണ സംവിധാനങ്ങൾ ഒരുക്കുന്നതിനായി ഫണ്ട് അനുവദിക്കുന്നതിനു പുറമേ, എന്തൊക്കെ സഹായങ്ങളാണ് നൽകിയിട്ടുള്ളതെന്ന് വിശദമാക്കുമോ;

(സി) കോർപ്പറേഷനുകളിലെ മാലിന്യസംസ്കരണം നടത്തുന്നതിനായി നടത്തിയ ഇടപെടലുകൾ സംബന്ധിച്ച് അവലോകനം നടത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) സർക്കാർ ഇടപെടലുകൾ മാലിന്യ സംസ്കരണ പ്രശ്നം പരിഹരിക്കുന്നതിന് ഏതളവുവരെ സഹായകമായിട്ടുണ്ട് എന്ന് വിശദമാക്കുമോ ?

# കേരള നിയമസഭ
## 22.03.2013-ലെ മറുപടിക്ക്

<u>ന്യൂനപക്ഷങ്ങൾക്കായുള്ള തൊഴിൽപരിശീലനകേന്ദ്രങ്ങൾ</u>

*122 ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി
,, വി. എം. ഉമ്മർ മാസ്റ്റർ
,, പി. കെ. ബഷീർ
,, സി. മമ്മൂട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ ന്യൂനപക്ഷ വിഭാഗങ്ങൾക്ക് തൊഴിൽപരമായ ഉന്നതി നേടുന്നതിനുപയുക്തമായ എന്തെല്ലാം പദ്ധതികൾ നടപ്പാക്കി യിട്ടുണ്ടെന്നു വിശദമാക്കുമോ;

(ബി) പ്രസ്തുതവിഭാഗത്തിൽപ്പെടുന്ന യുവജനങ്ങൾക്കായുള്ള പരിശീലനകേന്ദ്രങ്ങൾ ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ, അവ എവിടെയെല്ലാമാണു പ്രവർത്തിക്കുന്നതെന്നു വ്യക്തമാക്കുമോ;

(സി) പ്രസ്തുതകേന്ദ്രങ്ങളിൽ ന്യൂനപക്ഷങ്ങളിൽപ്പെടാത്തവർക്ക് പരിശീലന സൗകര്യം നൽകുന്നുണ്ടോ; എങ്കിൽ, അതിന്റെ മാനദണ്ഡമെന്താണെന്നു വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 22.03.2013–ലെ മറുപടിക്ക്

## കൃഷിനാശം നേരിടുന്ന കർഷകർ

*123 ശ്രീ. മാത്യു റ്റി. തോമസ്
ശ്രീമതി ജമീലാ പ്രകാശം
ശ്രീ. സി. കെ. നാണു
,, ജോസ് തെറ്റയിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളം അഭിമുഖീകരിക്കുന്ന അതിരൂക്ഷമായ വരൾച്ച കാരണം ഉണ്ടായിട്ടുള്ളതും ഉണ്ടായിക്കൊണ്ടിരിക്കുന്നതുമായ കൃഷിനാശത്തെ സംബന്ധിച്ച് വിവരങ്ങൾ ശേഖരിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ അവയുടെ വിശദാംശം ലഭ്യമാക്കുമോ ;

(സി) കൃഷി നാശം സംഭവിച്ച കർഷകർക്ക് എന്ത് സഹായമാണ് നൽകാൻ ഉദ്ദേശിക്കുന്നത് ;

(ഡി) അത് സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ ;

(ഇ) കൃഷി നാശം നേരിടുന്ന കർഷകരെ സഹായിക്കാൻ കേന്ദ്ര ഗവൺമെന്റിന്റെ സഹായം അഭ്യർത്ഥിച്ചിട്ടുണ്ടോ ;

(എഫ്) എങ്കിൽ അത് സംബന്ധിച്ച വിശദാംശങ്ങളും കേന്ദ്ര ഗവൺമെന്റിന്റെ ഭാഗത്തു നിന്നും ലഭിച്ചിട്ടുള്ള മറുപടിയും എന്താണെന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 22.03.2013–ലെ മറുപടിക്ക്

<u>പ്രാദേശിക സാമ്പത്തിക വികസന പദ്ധതിയും കുടുംബശ്രീയും</u>

*124 ശ്രീ. വി. ചെന്താമരാക്ഷൻ
,, കോടിയേരി ബാലകൃഷ്ണൻ
,, എസ്. രാജേന്ദ്രൻ
,, ആർ. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പ്രാദേശിക സാമ്പത്തിക വികസന പദ്ധതിയും വിവിധ വകുപ്പുകളുടെ അനുയോജ്യമായ പദ്ധതികളും സംയോജിപ്പിച്ച് നടപ്പിലാക്കുന്നതിന് കുടുംബശ്രീയെ പ്രയോജനപ്പെടുത്താൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഉല്പാദനവും തൊഴിലും വർദ്ധിപ്പിച്ച് ദാരിദ്ര്യാവസ്ഥയെ അതിജീവിക്കാൻ ഒരു പരിധി വരെ ഇതുമൂലം സാദ്ധ്യമാകുമെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഈ ദിശയിലുള്ള നടപടികൾക്ക് സർക്കാർ തയ്യാറാകുമോ; ഇതിന്മേൽ നിലപാട് വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 22.03.2013-ലെ മറുപടിക്ക്

<u>ക്ഷീരധാരാ പദ്ധതി</u>

*125 ശ്രീ. ജി. എസ്. ജയലാൽ
,, സി. ദിവാകരൻ
,, കെ. രാജു
ശ്രീമതി ഗീതാ ഗോപി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ക്ഷീരധാരാ പദ്ധതി എത്ര ഘട്ടങ്ങളായിട്ടാണ് നടപ്പാക്കാൻ തീരുമാനിച്ചിട്ടുള്ളത്; ഇതിൽ എത്ര ഘട്ടം പൂർത്തിയായി;

(ബി) പ്രസ്തുത പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ നടപ്പാക്കിയ നടപടികൾ എന്തെല്ലാം;

(സി) രണ്ടാം ഘട്ടത്തിൽ ഏതെല്ലാം ഇനത്തിൽപ്പെട്ട ജനുസ്സുകളുടെ ബീജമാണ് വിതരണം ചെയ്യാൻ തീരുമാനിച്ചിരുന്നത്; ഇവ വിതരണം ചെയ്യാൻ സാധിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ;

(ഡി) രോഗ പ്രതിരോധ ശേഷിയും ഏറെ ഗുണനിലവാരമുള്ളതുമായ കേരളത്തിന്റെ തനതു ജനുസ്സുമായ വെച്ചൂർ മൂരിയുടെ ബീജ വിതരണം അട്ടിമറിക്കപ്പെട്ടിരിക്കുന്നതായുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത് വ്യാപകമായി വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 22.03.2013-ലെ മറുപടിക്ക്

<u>പ്രവാസികൾക്ക് ലഭിക്കുന്ന ആനുകൂല്യങ്ങൾ</u>

*126 ശ്രീ. കെ. വി. അബ്ദുൾ ഖാദർ
,, ഇ. പി. ജയരാജൻ
,, കെ. കുഞ്ഞമ്മത് മാസ്റ്റർ
,, ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കയറ്റുമതിക്കാർക്കും വിദേശനാണ്യം നേടിത്തരുന്ന മറ്റ് വിഭാഗങ്ങൾക്കുളള ആനുകൂല്യങ്ങൾ ഒന്നും തന്നെ നാട്ടിൽ വിദേശപണം എത്തിക്കുന്ന പ്രവാസികൾക്ക് കേന്ദ്രസർക്കാർ ലഭ്യമാക്കുന്നില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കേരളത്തിന് ലഭിക്കുന്ന കേന്ദ്രസർക്കാർ ധനസഹായത്തിന്റെ എത്ര ഇരട്ടിയാണ് പ്രവാസികൾ വഴി കേരളത്തിലെത്തുന്ന വരുമാനമെന്ന് കണക്കാക്കിയിട്ടുണ്ടോ;

(സി) എങ്കിൽ വിദേശത്ത് കഠിനാധ്വാനം ചെയ്യുന്ന 90 ശതമാനത്തോളം മലയാളികളുടെ ക്ഷേമകാര്യങ്ങളിൽ പ്രത്യേക ശ്രദ്ധ ചെലുത്താനും, അർഹമായ പരിഗണന നൽകുന്നതിനും നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 22.03.2013–ലെ മറുപടിക്ക്

<u>രാസവളവില കുറയ്ക്കാൻ നടപടി</u>

*127 ശ്രീ. കെ. കെ. ജയചന്ദ്രൻ
,, എളമരം കരീം
,, ജെയിംസ് മാത്യു
,, സാജു പോൾ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര ഗവൺമെന്റ് ന്യൂട്രിയന്റ് ബേസ്ഡ് സബ്സിഡി അനുസരിച്ചുള്ള സബ്സിഡി നിരക്കുകൾ കുറച്ചതുമൂലം ഉണ്ടായ രാസവളവില വർദ്ധനവ് സംസ്ഥാനത്തെ ചെറുകിട കർഷകരെ എത്തരത്തിൽ ബാധിച്ചിട്ടുണ്ട് എന്ന വിലയിരുത്തൽ നടത്തിയിട്ടുണ്ടോ; വിശദാംശം നൽകാമോ;

(ബി) അനിയന്ത്രിതമായ വിലക്കയറ്റം സംസ്ഥാനത്തെ കാർഷികോല്പാദനത്തെ എന്തെങ്കിലും തരത്തിൽ ബാധിച്ചിട്ടുണ്ടോ എന്നതിനെ സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ;

(സി) ചെറുകിട കർഷകർക്ക് വളം വില വർദ്ധനവിന്റെ ആഘാതം കുറയ്ക്കുന്നതിനായി നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ?

# കേരള നിയമസഭ
## 22.03.2013-ലെ മറുപടിക്ക്

തരിശുഭൂമി കൃഷിയോഗ്യമാക്കുന്ന പദ്ധതി

*128 ശ്രീ. ഐ. സി. ബാലകൃഷ്ണൻ
,, സണ്ണി ജോസഫ്
,, എം. പി. വിൻസെന്റ്
,, പാലോട് രവി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ജനപങ്കാളിത്തത്തോടെ തരിശുഭൂമി കൃഷിയോഗ്യമാക്കുന്ന പദ്ധതിക്ക് തുടക്കമിട്ടിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ബി) ഈ പദ്ധതിയിൽ ഏതെല്ലാം കാർഷിക വിളകളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഈ പദ്ധതി പ്രകാരം എത്ര സ്ഥലത്ത് കൃഷി ചെയ്തിട്ടുണ്ട്; വിശദമാക്കുമോ;

(ഡി) ഏതെല്ലാം സംഘടനകളുടെ സേവനമാണ് ഈ പദ്ധതിക്ക് വേണ്ടി പ്രയോജനപ്പെടുത്തിയിട്ടുള്ളത്; വിശദാംശങ്ങൾ എന്തെല്ലാമാണ്?

# കേരള നിയമസഭ
# 22.03.2013-ലെ മറുപടിക്ക്

## ന്യൂനപക്ഷ കമ്മീഷൻ

*129 ശ്രീ. ഡൊമിനിക് പ്രസന്റേഷൻ
,, വർക്കല കഹാർ
,, തേറമ്പിൽ രാമകൃഷ്ണൻ
,, കെ. ശിവദാസൻ നായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ന്യൂനപക്ഷ കമ്മീഷൻ രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ ;

(ബി) പ്രസ്തുത കമ്മീഷന്റെ പ്രവർത്തനങ്ങളും ഉദ്ദേശ്യലക്ഷ്യങ്ങളും എന്തൊക്കെയാണ്; വിശദാംശങ്ങൾ വ്യക്തമാക്കുമോ ;

(സി) എന്തെല്ലാം ക്ഷേമ പദ്ധതികളാണ് പ്രസ്തുത കമ്മീഷൻ മുഖേന നടപ്പാക്കാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ ;

(ഡി) ഇതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്നറിയിക്കുമോ ?

# കേരള നിയമസഭ
## 22.03.2013–ലെ മറുപടിക്ക്

<u>കോക്ലിയർ ഇംപ്ലാന്റേഷൻ പദ്ധതി</u>

*130 ശ്രീ. ബെന്നി ബെഹനാൻ
,, റ്റി. എൻ. പ്രതാപൻ
,, വി. ഡി. സതീശൻ
,, എം. എ. വാഹീദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോക്ലിയർ ഇംപ്ലാന്റേഷൻ പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാം ; വിശദമാക്കുമോ ;

(ബി) ഏതെല്ലാം വകുപ്പുകളുടേയും ഏജൻസികളുടേയും സഹായത്തോടെയാണ് ഈ പദ്ധതി നടപ്പാക്കുന്നത് ;

(സി) ഈ പദ്ധതി അനുസരിച്ച് ചികിത്സക്കുള്ള ചെലവ് എത്ര തുകവരെയാണ് സർക്കാർ വഹിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ;

(ഡി) ബധിര – മൂകരായ കുട്ടികൾക്ക് ശ്രവണശേഷി ലഭിക്കുന്നതിനുള്ള ചികിത്സ ഇതുവരെ എത്ര പേർക്ക് നൽകിയിട്ടുണ്ട് ?

# കേരള നിയമസഭ
## 22.03.2013–ലെ മറുപടിക്ക്

<u>യു. എ. ഇ. യിൽ പൊതുമാപ്പ് പ്രകാരം ശിക്ഷാ ഇളവ് ലഭിക്കുന്ന മലയാളികൾ</u>

*131 ശ്രീ. ഷാഫി പറമ്പിൽ
,, പി. സി. വിഷ്ണുനാഥ്
,, പി. എ. മാധവൻ
,, ഹൈബി ഈഡൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമ വികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) യു. എ. ഇ. യിൽ പൊതുമാപ്പ് പ്രഖ്യാപിച്ചിട്ടുള്ള സാഹചര്യത്തിൽ അവിടെയുള്ള മലയാളികളെ നാട്ടിലെത്തിക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ;

(ബി) ഏത് ഏജൻസിയുടെ മേൽനോട്ടത്തിലാണ് ഇതിനുള്ള പ്രവർത്തനങ്ങൾ നടത്തുന്നത്; വിശദാംശങ്ങൾ അറിയിക്കുമോ;

(സി) ഇത് സംബന്ധിച്ച് ആരെല്ലാമായി ചർച്ച നടത്തിയാണ് നടപടികൾ സ്വീകരിക്കുന്നത്;

(ഡി) മലയാളികളെ മടക്കിക്കൊണ്ടു വരുവാൻ വേണ്ട ചെലവ് ആരാണ് വഹിക്കുന്നത്; വിശദാംശങ്ങൾ അറിയിക്കുമോ?

# കേരള നിയമസഭ
# 22.03.2013–ലെ മറുപടിക്ക്

<u>മഹാത്മാഗാന്ധി പ്രവാസി സുരക്ഷാ യോജന</u>

*132 ശ്രീമതി ഗീതാ ഗോപി
ശ്രീ. വി. എസ്. സുനിൽ കുമാർ
,, കെ. അജിത്
,, ഇ. കെ. വിജയൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മഹാത്മാഗാന്ധി പ്രവാസി സുരക്ഷാ യോജനയിൽ സംസ്ഥാനത്ത് നിന്നും എത്ര പ്രവാസികൾ അംഗങ്ങളായി ചേർന്നിട്ടുണ്ട്;

(ബി) പ്രസ്തുത പദ്ധതിയിൽ അംഗത്വമെടുക്കുന്നതിനായി നിശ്ചയിച്ചിരിക്കുന്ന മാനദണ്ഡങ്ങൾ എന്തെല്ലാം;

(സി) പ്രസ്തുത പദ്ധതി മുഖേന നൽകുന്ന ആനുകൂല്യങ്ങൾ എന്തെല്ലാമാണ്;

(ഡി) അശാസ്ത്രീയമായ നടപടിക്രമങ്ങളും ആനുകൂല്യങ്ങളുടെ കുറവും മൂലം പ്രസ്തുത ക്ഷേമപദ്ധതിയിൽ അംഗങ്ങളാകാൻ പ്രവാസികൾ തയ്യാറാകുന്നില്ലെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നുണ്ടെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 22.03.2013–ലെ മറുപടിക്ക്

2013 –14 ലെ കേന്ദ്ര ബജറ്റിൽ സംസ്ഥാന കാർഷിക മേഖലയുമായി ബന്ധപ്പെട്ട പദ്ധതികൾ

*133 ശ്രീ. എ. എം. ആരിഫ്
,, എ. കെ. ബാലൻ
,, എം. ഹംസ
,, കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2013 –14 ലെ കേന്ദ്ര ബജറ്റ് സംസ്ഥാനത്തെ കാർഷിക മേഖലയുടെ അഭിവൃദ്ധിക്കായി രൂപം നൽകിയിരിക്കുന്ന വിവിധ പദ്ധതികൾ ഏതൊക്കെയാണെന്ന് അറിയിക്കാമോ;

(ബി) സംസ്ഥാനത്ത് കാർഷിക മേഖലയുമായി ബന്ധപ്പെട്ട് ഏതെല്ലാം പദ്ധതികൾ ബജറ്റിൽ ഉൾക്കൊള്ളിക്കുന്നതിനായി സംസ്ഥാന സർക്കാർ ആവശ്യപ്പെട്ടിരുന്നു; ഇവ തന്നെയാണോ കേന്ദ്ര ബജറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് അറിയിക്കുമോ;

(സി) കാർഷിക മേഖലയിൽ സംസ്ഥാന സർക്കാർ മുന്നോട്ടു വച്ചതും എന്നാൽ കേന്ദ്ര ബജറ്റിൽ പരിഗണിക്കാത്തതുമായ നിർദ്ദേശങ്ങൾ ഏതൊക്കെയാണെന്ന് അറിയിക്കാമോ;

(ഡി) പ്രസ്തുത നിർദ്ദേശങ്ങൾ ഉൾപ്പെടുത്താത്തത് കാർഷിക മേഖലയെ ഏതു തരത്തിൽ ബാധിക്കുമെന്ന് വിലയിരുത്തൽ നടത്തിയിട്ടുണ്ടോ; വിശദാംശം നൽകാമോ?

# കേരള നിയമസഭ
# 22.03.2013-ലെ മറുപടിക്ക്

<u>കുടുംബശ്രീ അംഗങ്ങളെ സാങ്കേതിക വിദഗ്ദ്ധരാക്കുന്ന പദ്ധതി</u>

*134 ശ്രീ. പാലോട് രവി
,, കെ. അച്ചുതൻ
,, വി. പി. സജീന്ദ്രൻ
,, എം. പി. വിൻസെന്റ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹികക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കുടുംബശ്രീ അംഗങ്ങളായ സ്ത്രീകളെ സാങ്കേതിക വിദഗ്ദ്ധരാക്കുന്ന പദ്ധതിക്ക് തുടക്കമിട്ടിട്ടുണ്ടോ; വിശദമാക്കുമോ ;

(ബി) പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) ഏതെല്ലാം ഏജൻസികളാണ് പദ്ധതിയുമായി സഹകരിക്കുന്നത്; വിശദമാക്കുമോ ;

(ഡി) എത്ര പേർക്കാണ് ഈ പദ്ധതിയുടെ പ്രയോജനം ലഭിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ
## 22.03.2013-ലെ മറുപടിക്ക്

<u>കോക്കനട്ട് ബയോ പാർക്കുകൾ</u>

*135 ശ്രീ. ഇ. പി. ജയരാജൻ
ശ്രീമതി കെ. കെ. ലതിക
ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)
,, പി. റ്റി. എ. റഹീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കോക്കനട്ട് ബയോ പാർക്കുകൾ സ്ഥാപിക്കാനുദ്ദേശിച്ചിരുന്നത് എവിടെയൊക്കെയാണ്; ഇതുമായി ബന്ധപ്പെട്ട നടപടികളുടെ പുരോഗതി അറിയിക്കാമോ;

(ബി) നാളികേര ഉത്പാദനം വർദ്ധിപ്പിക്കുന്നതിനായി സാങ്കേതിക വിദ്യ രൂപീകരിക്കുന്നതിനുള്ള നടപടിയുടെ പുരോഗതി അറിയിക്കാമോ;

(സി) ബയോപാർക്കുകൾ സ്ഥാപിക്കുന്നത് നാളികേരത്തിൽ നിന്നും മൂല്യവർദ്ധിത ഉല്പന്നങ്ങൾ നിർമ്മിക്കുന്നതിന് ഏതെല്ലാം രീതിയിൽ സഹായകരമാകുമെന്നാണ് കരുതുന്നത്; വിശദമാക്കുമോ?

# കേരള നിയമസഭ
## 22.03.2013–ലെ മറുപടിക്ക്

<u>കോഴികൃഷി മേഖലയിലെ പ്രതിസന്ധി</u>

*136 ശ്രീ. സാജു പോൾ
,, എസ്. ശർമ്മ
,, കെ. വി. അബ്ദുൾഖാദർ
,, ബി. ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോഴികൃഷി മേഖലയിലെ പ്രതിസന്ധി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ:

(ബി) ഇറച്ചിക്കോഴിയുടെ ഉല്പാദനം വർദ്ധിപ്പിക്കുന്നതിനായി കോഴിഫാമുകൾക്ക് പ്രോത്സാഹനം നൽകുന്നതിന് നടപടികൾ സ്വീകരിക്കുമോ;

(സി) സംസ്ഥാനതെ ഇറച്ചിക്കോഴിയുടെ പ്രതിമാസ ആവശ്യവും നിലവിലെ ഉൽപ്പാദനവും സംബന്ധിച്ച വിവരം വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 22.03.2013-ലെ മറുപടിക്ക്

<u>ക്ഷീരനയം</u>

*137 ശ്രീ. ആർ. സെൽവരാജ്
,, സണ്ണി ജോസഫ്
,, എം. പി. വിൻസെന്റ്
,, വി. റ്റി. ബൽറാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ക്ഷീരനയം രൂപീകരിക്കാനുദ്ദേശിക്കുന്നുണ്ടോ;

(ബി) ക്ഷീര മേഖലയുടെ സമഗ്ര പുരോഗതിക്ക് എന്തെല്ലാം കാര്യങ്ങളാണ് പ്രസ്തുത നയത്തിൽ ഉൾപ്പെടുത്താനുദ്ദേശിക്കുന്നത്;

(സി) ഇതിനായി എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത്?

# കേരള നിയമസഭ
## 22.03.2013–ലെ മറുപടിക്ക്

<u>കൊപ്രാ സംഭരണം</u>

*138 ശ്രീ. കെ. കെ. നാരായണൻ
ശ്രീമതി കെ. കെ. ലതിക
ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)
,, കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തെങ്ങുകളെ വ്യാപകമായി രോഗം ബാധിച്ചതുമൂലം നാളികേരത്തിന്റെ ഉല്പാദനം ഗണ്യമായി കുറയുകയും വർദ്ധിച്ച കൂലിച്ചെലവ് കാരണം കൃഷി ആദായകരമല്ലാതാവുകയും ചെയ്യുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കൊപ്രയുടെ വിപണിവില കേന്ദ്രസർക്കാർ പ്രഖ്യാപിച്ച താങ്ങുവിലയേക്കാൾ കുറവാണോ കൂടുതലാണോ എന്ന കാര്യം വ്യക്തമാക്കാമോ;

(സി) കൊപ്രയുടെ സംഭരണം ഇപ്പോൾ ഏതൊക്കെ ഏജൻസികളാണ് ഏറ്റെടുത്തിരിക്കുന്നതെന്ന് വിശദമാക്കാമോ;

(ഡി) കൊപ്രസംഭരണ ഏജൻസിയായ നാഫെഡ് ക്വിന്റലിന് എത്ര രൂപവെച്ചാണ് കർഷകരിൽ നിന്നും കൊപ്ര സംഭരിക്കുന്നത്; വിശദമാക്കാമോ?

# കേരള നിയമസഭ
# 22.03.2013-ലെ മറുപടിക്ക്

<u>ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ</u>

*139 ശ്രീ. അൻവർ സാദത്ത്
,, സി. പി. മുഹമ്മദ്
,, എ. റ്റി ജോർജ്
,, ഷാഫി പറമ്പിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത കോർപ്പറേഷന്റെ പ്രവർത്തനങ്ങളും ഉദ്ദേശ്യലക്ഷ്യങ്ങളും വിശദമാക്കുമോ;

(സി) എന്തെല്ലാം ക്ഷേമപദ്ധതികളാണ് പ്രസ്തുത കോർപ്പറേഷൻ വഴി നടപ്പാക്കാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(ഡി) ആയതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ അറിയിക്കുമോ?

# കേരള നിയമസഭ
# 22.03.2013-ലെ മറുപടിക്ക്

ഊർജ്ജശ്രീ പദ്ധതി

*140

ശ്രീ. പി. സി. വിഷ്ണുനാഥ്
,, ഡൊമിനിക് പ്രസന്റേഷൻ
,, കെ. മുരളീധരൻ
,, സണ്ണി ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഊർജ്ജശ്രീ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം; വിശദമാക്കുമോ;

(ബി) പാരമ്പര്യേതര ഊർജ്ജ ഉപാധികൾ സംസ്ഥാനത്തെ എല്ലാ വീടുകളിലും എത്തിക്കുവാൻ എന്തെല്ലാം കാര്യങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഏതെല്ലാം ഏജൻസിയുടെ സഹായത്തോടെയാണ് പദ്ധതി പ്രവർത്തിക്കുന്നത്; വിശദമാക്കുമോ;

(ഡി) ഇതിനായി എന്തെല്ലാം കാര്യങ്ങൾ ചെയ്തിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ
# 22.03.2013-ലെ മറുപടിക്ക്

<u>പൈതൃകമ്യൂസിയങ്ങൾ</u>

*141 ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
,, കെ. ശിവദാസൻ നായർ
,, പാലോട് രവി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്ക്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പൈതൃകമ്യൂസിയങ്ങൾ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശം അറിയിക്കുമോ;

(സി) ആയതിനുള്ള സ്ഥലവും കെട്ടിടവും കണ്ടെത്തുന്നത് എങ്ങനെയാണ്; വിശദമാക്കുമോ;

(ഡി) ഏതെല്ലാം ഏജൻസികളാണ് ഇതുമായി സഹകരിക്കുന്നത്; വിശദാംശങ്ങൾ അറിയിക്കുമോ?

# കേരള നിയമസഭ
## 22.03.2013–ലെ മറുപടിക്ക്

<u>സമഗ്ര കാര്‍ഷിക ഇന്‍ഷ്വറന്‍സ് പദ്ധതി</u>

*142 ശ്രീ. കെ. അച്ചുതന്‍
,, ജോസഫ് വാഴക്കന്‍
,, എം. എ. വാഹിദ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സമഗ്ര കാര്‍ഷിക ഇന്‍ഷ്വറന്‍സ് നിലവില്‍ വന്നിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഏതെല്ലാം കാര്‍ഷിക വിളകള്‍ക്കാണ് ഇന്‍ഷ്വറന്‍സ് ഏര്‍പ്പെടുത്തിയിട്ടുളളത്; വിശദാംശങ്ങള്‍ എന്തെല്ലാം;

(സി) ഇന്‍ഷ്വറന്‍സ് പരിരക്ഷ ഏതെല്ലാം സാഹചര്യങ്ങളിലാണ് ലഭിക്കുന്നത്; വിശദമാക്കുമോ;

(ഡി) പ്രകൃതി ക്ഷോഭം മൂലമുളള കൃഷി നാശത്തിന് ഇന്‍ഷ്വറന്‍സ് പരിരക്ഷ ലഭ്യമാണോ?

## കേരള നിയമസഭ
## 22.03.2013-ലെ മറുപടിക്ക്

<u>രൂക്ഷമാകുന്ന മാലിന്യപ്രശ്നങ്ങൾ</u>

*143 ശ്രീമതി പി. അയിഷാപോറ്റി
ശ്രീ. കെ. സുരേഷ് കുറുപ്പ്
,, കോലിയക്കോട് എൻ. കൃഷ്ണൻ നായർ
ഡോ. കെ. ടി. ജലീൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മാലിന്യപ്രശ്നങ്ങൾ നാൾക്കുനാൾ രൂക്ഷമാകുകയാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സമ്പൂർണ്ണ് ശുചിത്വം കൈവരിക്കുന്നതിനുവേണ്ടി മുനിസിപ്പൽ - കോർപ്പറേഷൻ വാർഡുസഭകൾ തീരുമാനിക്കുന്ന പൊതുവായ മരാമത്ത് പണികൾ അനുവദിക്കാൻ തയ്യാറാകുമോ;

(സി) പ്രസ്തുത വിഷയം സംബന്ധിച്ച നിലപാട് വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
## 22.03.2013-ലെ മറുപടിക്ക്

ഇ-മാലിന്യസംസ്ക്കരണം

T 144 ശ്രീ. കെ. രാജു
,, സി. ദിവാകരൻ
,, പി. തിലോത്തമൻ
,, ചിറ്റയം ഗോപകുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇലക്ട്രോണിക്-ഇലക്ട്രിക്കൽ മാലിന്യങ്ങളുടെ ശേഖരണത്തിനും നിർമ്മാർജ്ജനത്തിനുമായി എന്തെങ്കിലും സംവിധാനങ്ങൾ നിലവിലുണ്ടോ;

(ബി) ഇ-മാലിന്യങ്ങളിൽ അടങ്ങിയിരിക്കുന്ന മെർക്കുറി, ലെഡ് തുടങ്ങിയവ മണ്ണിൽ കലരുന്നത് ഗുരുതരമായ ആരോഗ്യ-പരിസ്ഥിതിപ്രശ്നങ്ങൾക്കു കാരണമാകുന്നുണ്ടെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എല്ലാ പഞ്ചായത്തുകളിലും നഗരസഭകളിലും ഇ-മാലിന്യ ശേഖരണകേന്ദ്രങ്ങൾ തുടങ്ങണമെന്ന മലിനീകരണ നിയന്ത്രണബോർഡിന്റെ നിർദ്ദേശം നടപ്പാക്കാൻ സാധിച്ചിട്ടുണ്ടോ;

(ഡി) ഇല്ലെങ്കിൽ, ഇ-മാലിന്യസംസ്ക്കരണത്തിന് എന്തെല്ലാം പദ്ധതികൾ ആവിഷ്ക്കരിച്ചു നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടെന്നു വിശദ മാക്കുമോ?

# കേരള നിയമസഭ
## 22.03.2013–ലെ മറുപടിക്ക്

**അഭ്യസ്തവിദ്യരെ കാർഷികമേഖലയിലേയ്ക്ക് ആകർഷിക്കാൻ പദ്ധതികൾ**

*145 ശ്രീ. എം. ഉമ്മർ
,, കെ. എൻ. എ. ഖാദർ
,, പി. ബി. അബ്ദുൾ റസാക്
,, സി. മോയിൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാർഷിക മേഖലയെ പുനരുദ്ധരിക്കാൻ, അഭ്യസ്ത വിദ്യരായ ചെറുപ്പക്കാരുടെ പങ്കാളിത്തം കൂടുതലായി ആകർഷിക്കാൻ ഉദ്ദേശിച്ചുള്ള പദ്ധതികൾ പരിഗണനയിലുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ബി) അഭ്യസ്ത വിദ്യരെ കാർഷിക തൊഴിലിൽ തല്പരരാക്കാൻ ഉദ്ദേശിച്ച് സ്കൂൾ തലത്തിൽ വിദ്യാർത്ഥികൾക്ക് അവബോധം നൽകുന്നതിനുള്ള പദ്ധതികൾ ഇപ്പോൾ നടപ്പാക്കുന്നുണ്ടോ; ഇല്ലെങ്കിൽ അക്കാര്യം പരിശോധിക്കുമോ;

(സി) കാർഷികവൃത്തിയെ മാന്യതയുള്ള തൊഴിലായി അംഗീകരിക്കുകയും അഭ്യസ്ത വിദ്യർക്ക് ആ മേഖലയിൽ ലാഭകരമായി മുതൽമുടക്കുന്നതിനുള്ള സഹായം കൃഷി വകുപ്പിന്റെ ആഭിമുഖ്യത്തിൽ നൽകുന്നതിനുമുള്ള പദ്ധതി ആവിഷ്ക്കരിച്ചു നടപ്പാക്കുമോ?

# കേരള നിയമസഭ
## 22.03.2013-ലെ മറുപടിക്ക്

<u>കുടുംബശ്രീ സംരംഭക ഉല്പന്നങ്ങളുടെ വിപണനം</u>

*146 ശ്രീ. പി. ശ്രീരാമകൃഷ്ണൻ
,, ജി. സുധാകരൻ
,, റ്റി. വി. രാജേഷ്
,, കെ. കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കുടുംബശ്രീ സംരംഭങ്ങളുടെ ഉല്പാദനത്തിൽ മുൻവർഷത്തെ അപേക്ഷിച്ച് ഈ വർഷത്തെ നേട്ടം വിശദമാക്കാമോ; അടുത്ത വർഷത്തേയ്ക്കുള്ള ലക്ഷ്യവും അതിനായുള്ള പദ്ധതികളും സംബന്ധിച്ച് വിശദമാക്കാമോ;

(ബി) ഉല്പാദന വർദ്ധനയ്ക്കും ഉല്പന്നങ്ങളുടെ വിപണനത്തിനും എന്തെല്ലാം നടപടികളാണിപ്പോൾ സ്വീകരിച്ചു വരുന്നത്;

(സി) തരിശിട്ടിരിക്കുന്ന ഭൂമിയിൽ അയൽക്കൂട്ടങ്ങൾ വഴിയുള്ള പാട്ടകൃഷി നിലവിൽ എത്ര ഏക്കറിൽ നടക്കുന്നു. ഇതിനായി എന്തെല്ലാം ഭൗതിക സൗകര്യങ്ങൾ ഏർപ്പെടുത്തിക്കൊടുക്കുന്നുണ്ട്; വിശദമാക്കാമോ?

# കേരള നിയമസഭ
# 22.03.2013-ലെ മറുപടിക്ക്

<u>കുഞ്ഞുങ്ങളെ വിൽക്കുന്നത് ഒഴിവാക്കാൻ നടപടി</u>

*147 ശ്രീ. സി. മമ്മൂട്ടി
,, കെ. എം. ഷാജി
,, കെ. മുഹമ്മദുണ്ണി ഹാജി
,, എൻ. എ. നെല്ലിക്കുന്ന്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്വന്തം കുഞ്ഞുങ്ങളെ ഉപേക്ഷിക്കാനും, വിൽപന നടത്താനും അമ്മമാരെ പ്രേരിപ്പിക്കുന്ന ഘടകങ്ങൾ നിലനിൽക്കുന്നു എന്ന കാര്യം പരിശോധനാ വിഷയമാക്കിയിട്ടുണ്ടോ;

(ബി) എങ്കിൽ അത് സംബന്ധിച്ചുള്ള കണ്ടെത്തലുകൾ വിശദമാക്കുമോ;

(സി) കുഞ്ഞുങ്ങളെ വിലയ്ക്കു വാങ്ങാനുള്ള പ്രവണത സമൂഹത്തിൽ ചെറിയ തോതിലാണെങ്കിലും നിലനിൽക്കുന്നതിന്റെ കാരണങ്ങൾ പരിശോധിച്ചിട്ടുണ്ടോ;

(ഡി) ദത്തെടുക്കൽ നിയമങ്ങളിൽ ഈ പ്രശ്നം പരിഗണിച്ച് പുനപ്പരിശോധന ആവശ്യമാണെന്ന് കരുതുന്നുണ്ടോ?

# കേരള നിയമസഭ
## 22.03.2013–ലെ മറുപടിക്ക്

<u>പ്രവാസി മലയാളികളുടെ ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് പ്രത്യേക സംവിധാനം</u>

*148 ശ്രീ. മോൻസ് ജോസഫ്
,, സി. എഫ്. തോമസ്
,, റ്റി. യു. കുരുവിള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പ്രവാസി മലയാളികളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ഈ സർക്കാർ സ്വീകരിച്ചു വരുന്ന നടപടികൾ വിശദമാക്കുമോ ;

(ബി) തൊഴിൽ സംബന്ധമായി വിദേശത്ത് പോകുന്നവർക്ക് ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് അടിയന്തിര നടപടികൾ ഉണ്ടാകുവാൻ പ്രത്യേക സംവിധാനം ഏർപ്പെടുത്തുമോ; വിശദാംശം ലഭ്യമാക്കുമോ ?

# കേരള നിയമസഭ
## 22.03.2013-ലെ മറുപടിക്ക്

<u>2012-13 വർഷത്തെ പദ്ധതിവിനിയോഗം</u>

*149 ശ്രീ. പി. റ്റി. എ. റഹീം
ഡോ. ടി. എം. തോമസ് ഐസക്
പ്രൊഫ. സി. രവീന്ദ്രനാഥ്
ശ്രീ. കെ. രാധാകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2012-13 വർഷത്തെ പദ്ധതിവിനിയോഗം സംബന്ധിച്ച് അവലോകനം നടത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ;

(ബി) പദ്ധതിവിഹിതം ചെലവഴിക്കുന്നതിൽ വീഴ്ച സംഭവിച്ചിട്ടുണ്ടോ; തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ പദ്ധതിനിർവ്വഹണം എത്ര ശതമാനമാണ്;

(സി) അടിസ്ഥാനസൗകര്യവികസനത്തിനു പ്രത്യേകപ്രാമുഖ്യം നൽകി ക്കൊണ്ടുള്ള പന്ത്രണ്ടാം പഞ്ചവത്സരപദ്ധതിയുടെ പ്രഥമ വർഷമായ 2012-13-ലെ പദ്ധതിനിർവ്വഹണം ലക്ഷ്യപ്രാപ്തി യിലെത്തിക്കാൻ സാധിച്ചിട്ടുണ്ടോ; എങ്കിൽ, പ്രസ്തുതരംഗത്ത് എന്തെല്ലാം നേട്ടങ്ങളാണുണ്ടാക്കാൻ സാധിച്ചതെന്നറിയിക്കുമോ?

# കേരള നിയമസഭ
# 22.03.2013-ലെ മറുപടിക്ക്

<u>അധികാരവികേന്ദ്രീകരണം</u>

*150 ശ്രീ. കെ. മുരളീധരൻ
,, തേറമ്പിൽ രാമകൃഷ്ണൻ
,, വർക്കല കഹാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അധികാര വികേന്ദ്രീകരണം ശക്തിപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികളാണ് കൈക്കൊള്ളാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(ബി) ഇതിനായുള്ള പഠനത്തിന് തദ്ദേശസ്ഥാപന കമ്മീഷൻ രൂപീകരിക്കാനുദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം;

(സി) കമ്മീഷൻ എന്തെല്ലാം കാര്യങ്ങളാണ് പഠനവിധേയമാക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം?

കേരള നിയമസഭാ സെക്രട്ടേറിയറ്റ്, പി. ഡി. ശാരംഗധരൻ,
തിരുവനന്തപുരം, സെക്രട്ടറി,
2013 മാർച്ച് 13.

'T' ഇന്നത്തേയ്ക്ക് മാറ്റിയ ചോദ്യത്തെ സൂചിപ്പിക്കുന്നു.

<u>**പ്രത്യേക ശ്രദ്ധയ്ക്ക്**</u>: നിയമസഭാ ചോദ്യങ്ങളുടെ മറുപടി അവ സഭയിൽ ഉന്നയിക്കുന്നതിന്റെ തലേ ദിവസം വൈകുന്നേരം 5 മണിക്ക് മുമ്പായി നിയമസഭാ സെക്രട്ടേറിയറ്റിൽ എത്തിച്ചിരിക്കേണ്ടതാണ്.[ ചട്ടം 47(1)].